പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭ ചോദ്യം നം: 278

29/01/2014 ൽ
മറുപടിക്ക്

## വിശ്വ മലയാള മഹോത്സവം

ചോദ്യം

ശ്രീ. കെ. അച്ചുതൻ
" റ്റി.എൻ. പ്രതാപൻ
" ഡൊമിനിക് പ്രസന്റേഷൻ

മറുപടി

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് 'വിശ്വമലയാള മഹോത്സവം' സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. വിശ്വമലയാള മഹോത്സവം 2012 ഒക്ടോബർ 30, 31 നവംബർ 1 തീയതികളിലായി തിരുവനന്തപുരത്ത്വെച്ച് നടന്നു. ആചാര്യപൂജ, ആദരസന്ധ്യ, അന്യഭാഷാ എഴുത്തുകാരുടെ സംഗമം, പ്രവാസി സമ്മേളനം തുടങ്ങിയ പരിപാടികളും കവിയും കവിതയും, നാം നമ്മുടെ ഭാഷ, ബാലസാഹിത്യത്തിന്റെ സൗന്ദര്യശാസ്ത്രം, നാം നമ്മുടെ സിനിമ, നവമാധ്യമ സംസ്കാരം, കഥപറച്ചിലിന്റെ രസതന്ത്രം, മാതൃഭാഷാദ്ധ്യായനം, മലയാളത്തിന്റെ കഥാ കാലങ്ങൾ, ആദാനപ്രദാനം മലയാളത്തിൽ, ജീവനസംസ്കൃതി, വിജ്ഞാനസംസ്കൃതി, നമ്മുടെ പാരമ്പര്യ സംസ്കൃതി, മലയാളിയുടെ എഴുത്തും ചിന്തയും, മലയാളത്തിന്റെ നാടക കാലങ്ങൾ, നോവൽ കാലങ്ങൾ, വിമർശന കാലങ്ങൾ തുടങ്ങിയ സെമിനാറുകളും, കൂടാതെ വിവിധ കലാരൂപങ്ങളും നാടൻ കലകളും യുവ എഴുത്തുകാർക്കുള്ള മത്സരങ്ങളും വിശ്വമലയാളമഹോത്സവത്തിന്റെ ഭാഗമായി നടന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിച്ചിരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | മലയാള ഭാഷയെ ലോകശ്രദ്ധയിൽ കൊണ്ടുവരിക, മലയാളികളുടെ ഇടയിൽ മാതൃഭാഷ അഭിമാനം വളർത്തുക എന്നിവയോടൊപ്പം മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷാ പദവി നേടിയെടുക്കുന്നതിനുള്ള കേരളത്തിന്റെ വാദങ്ങൾക്ക് കരുത്തേകുക എന്നതു കൂടിയായിരുന്നു ഇതിന്റെ ലക്ഷ്യങ്ങൾ. |
| (സി) | മലയാളഭാഷയുടെ വളർച്ചയ്ക്കായി എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (സി) | ഭരണഭാഷ മലയാളത്തിലാക്കാനും നവംബർ 1 ശ്രേഷ്ഠഭാഷാ ദിനമായി ആഘോഷിക്കുവാനും സാധിച്ചു. മലയാള ഭാഷയെ ലോകശ്രദ്ധയിൽ കൊണ്ടുവരികയും മലയാളത്തിലെ എഴുത്തുകാരെ ഒത്തുചേർത്ത് വിപുലമായ ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രവാസി മലയാളി സംഘടനകളെ ക്ഷണിച്ച് സെമിനാറുകൾ, ചർച്ചകൾ എന്നിവ സംഘടിപ്പിച്ചു. മലയാളത്തിലെ എഴുത്തുകാരെ ആദരിക്കുന്നതിന് ആചാര്യപൂജ, ആദരസന്ധ്യ എന്നിവ നടത്തുകയുണ്ടായി. മലയാളത്തിലെ വിവിധ ശാഖകളിലെ പരിചയസമ്പന്നരായവർ ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് ക്ലാസ്സെടുക്കുകയും വിവിധ കലാരൂപങ്ങളും നാടൻ കലകളും അവതരിപ്പിക്കുകയുമുണ്ടായി. |

| | | | |
|---|---|---|---|
| (ഡി) | എന്തെല്ലാം തുടർനടപടിയാണ് ഇതിന്റെ ഭാഗമായി സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (ഡി) | വിവിധ കോളേജുകളിലും സ്കൂളുകളിലും ഭാഷാഭിമാനം വളർത്താൻ ഉതകുന്ന പരിപാടികൾ കേരള സാഹിത്യ അക്കാദമി നടത്തിവരുന്നു. മലയാള ഗ്രന്ഥങ്ങളുടെ ഡിജിറ്റൽ രൂപത്തിലുള്ള 1001 എണ്ണം ഇന്റർനെറ്റിലൂടെ ലഭ്യമാക്കി. പകർപ്പവകാശമുക്തമായ പ്രാമാണിക ഗ്രന്ഥങ്ങൾ പൂർണ്ണമായി ലഭ്യമാക്കാനുള്ള പ്രവർത്തനം നടന്നു വരുന്നു. സാഹിത്യത്തിന്റെ സമഗ്രമായ ചരിത്രം തയ്യാറാക്കുന്ന ഒരു പദ്ധതി രൂപകല്പന ചെയ്ത് നടപ്പിലാക്കാനാരംഭിച്ചു. മലയാള സാഹിത്യകാരന്മാരുടെ സമ്പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു സാഹിത്യകാര ഡയറക്ടറിയും 1995 മുതൽ മുടങ്ങിക്കിടക്കുന്ന മലയാളഗ്രന്ഥസൂചികയും പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ